പ്രോസ്‌പെക്ടസ് നമ്പർ - SCVT/01/2023

**കേരളസർക്കാർ**

വ്യാവസായിക പരിശീലന വകുപ്പ്

സർക്കാർ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്‌പെക്ടസ് - 2023

**കേരള സർക്കാരിന്റെ കീഴിലുള്ള SCVT-യുടെ പാഠ്യപദ്ധതി അനുസരിച്ച് *2023-24/25* പരിശീലന വർഷത്തിലെ പ്രവേശനത്തിനുള്ള പ്രോസ്‌പെക്ടസ്**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | പ്രധാന തീയതികൾ | 3 |
| 2. | ട്രേഡുകളും, വിദ്യാഭ്യാസയോഗ്യതകളും | 3 |
| 3. | പ്രായം | 4 |
| 4. | പ്രവർത്തന സമയം | 4 |
| 5. | തെരഞ്ഞെടുപ്പും പ്രവേശനവും | 5 |
| 6. | നേറ്റിവിറ്റി/ഡൊമിസൈയിൽ | 6 |
| 7. | ആവർത്തന പ്രവേശനം | 8 |
| 8. | സംവരണം | 8 |
| 9. | ആനുകൂല്യങ്ങൾ | 11 |
| 10. | നിർബന്ധിത ഹാജർ ശതമാനം | 12 |
| 11. | സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് | 12 |
| 12. | ഫീസ് | 12 |
| 13. | അപേക്ഷ സമർപ്പിക്കേണ്ട രീതി | 13 |
| 14. | അപേക്ഷാ ഫീസ് | 14 |
| 15. | നിബന്ധന | 14 |
| 16. | അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ | 15 |
| 17. | അനുബന്ധം - 1<br>എസ്.സി.വി.റ്റി പാഠ്യ പദ്ധതി അനുസരിച്ച് സർക്കാർ ഐ.ടി.ഐ-കളിൽ 2023-24/25 സെഷനിൽ പ്രവേശനം നടത്തുന്ന ട്രേഡുകളുടെ വിവരം | 19 |
| 18. | അനുബന്ധം - 2<br>2023-24/25 സെഷനിൽ പ്രവേശനം നൽകുന്ന ഐ.ടി.ഐ.-കളും എസ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളും, യൂണിറ്റുകളും | 20 |

## കേരള സർക്കാരിന്റെ കീഴിലുള്ള SCVT-യുടെ പാഠ്യ പദ്ധതി അനുസരിച്ച് സർക്കാർ ഐ.ടി.ഐ-കളിൽ 2023 ൽ ആരംഭിക്കുന്ന സെഷനിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്

എസ്.സി.വി.റ്റി പാഠ്യ പദ്ധതി അനുസരിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ.കളിൽ എൻ.സി.വി.റ്റി-യുടെ അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകളിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് എൻ.റ്റി.സി-യ്ക്ക് തുല്യമായ കേരള പി.എസ്.സി അംഗീകരിച്ച എസ്.റ്റി.സി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

### 1. പ്രധാന തീയതികൾ

| | | |
|---|---|---|
| 1. | ഓൺലൈൻ ആയി അപേക്ഷ സമർപ്പണം ആരംഭിക്കുന്ന തീയതി | 16.06.2023, 10.00 AM |
| 2. | ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ ആരംഭിക്കുന്ന തീയതി | 22.06.2023, 10.00 AM |
| 3. | ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 15.07.2023, 5.00 PM |
| 4. | ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ അവസാനിക്കുന്ന തീയതി | 18.07.2023, 5.00 PM |
| 5. | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 22.07.2023 3.00 PM |
| 6. | അഡ്മിഷന് അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധികരിക്കുന്ന തീയതി | ജാലകം അഡ്മിഷൻ പോർട്ടലിലും, ഐ.ടി.ഐകളിലും പ്രസിദ്ധീകരിക്കുന്നതാണ് |
| 7. | അഡ്മിഷൻ തീയതി | പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും SMS വഴിയും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അറിയിക്കുന്നതാണ് |

മേൽ പ്രസ്താവിച്ച തീയതികൾക്ക് ഏതെങ്കിലും കാരണവശാൽ മാറ്റം വരുന്ന പക്ഷം ആയത് പ്രിൻസിപ്പാൾമാർ നോട്ടീസ്/പത്രപരസ്യം ചെയ്യുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് അതാത് ഐടിഐ -കളിൽ പ്രസിദ്ധീകരിക്കുന്നതും ടി വിവരം പ്രിൻസിപ്പാൾമാർ പത്ര-ദൃശ്യമാധ്യമത്തിലൂടെ പരസ്യം ചെയ്യുന്നതുമായിരിക്കും.

### 2. ട്രേഡുകളും, വിദ്യാഭ്യാസ യോഗ്യതകളും

(എ) എസ്.എസ്.എൽ.സി ജയിച്ചവർക്കും, എസ്.എസ്.എൽ.സി തോറ്റവർക്കും, തത്തുല്യ യോഗ്യതയുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ആറു മാസ /ഏകവത്സര/

ദിവത്സര/ എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് ട്രേഡുകളാണ് നിലവിൽ ഉള്ളത്. (അനുബന്ധം 1 കാണുക)

(ബി) സാക്ഷരതാ മിഷൻ നടത്തുന്ന ലെവൽ എ സ്റ്റാൻഡേർഡ് 10 തുല്യതാ പരീക്ഷ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുല്യമായിരിക്കും. (ജി.ഒ. (എം.എസ്) നം.78/2004/ ജന. എഡ്യൂ., തീയതി: 09.03.2004).

(സി) സംസ്ഥാനത്തെ ഐ .ടി.ഐ-കളിലെ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിന് സി.ബി.എസ്.ഇ സ്കൂൾതലത്തിൽ നടത്തുന്ന പത്താം ക്ലാസ് സ്കൂൾ തല പരീക്ഷ വിജയിച്ച അപേക്ഷകരെയും , നോൺമെട്രിക് ട്രേഡുകളിലെ പ്രവേശനത്തിന് സി.ബി.എസ്.ഇ പത്താം ക്ലാസ് സ്കൂൾതല പരീക്ഷയിൽ പങ്കെടുത്ത അപേക്ഷകരെയും പരിഗണിക്കുന്നതാണ്. (സ.ഉ (സാധാ)നം.1227/2016/തൊഴിൽ, തീയതി 03.10.2016).

(ഡി) ബധിരർ/മൂകർ (Deaf & Dumb) ആയ അപേക്ഷകർക്ക് ട്രെയിനിംഗ് ലഭിയ്ക്കുന്നതിനു മറ്റു തരത്തിൽ അയോഗ്യതയില്ലെങ്കിൽ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിൽ ഇംഗ്ലീഷിന് പകരമായി തെരഞ്ഞെടുത്ത വിഷയങ്ങളുടെ മാർക്ക് ഇംഗ്ലീഷ് വിഷയത്തിന് തുല്യമായി കണക്കാക്കി ഐ.ടി.ഐ പ്രവേശനത്തിന് പരിഗണിക്കുന്നതാണ്. (സർക്കുലർ നമ്പർ. സി1/17517/2010, തീയതി: 26.09.2010).

(ഇ) National Institute of Open Schooling നൽകുന്ന Secondary/ Higher Secondary School Certificate നിബന്ധനകൾക്ക് വിധേയമായി 12.05.2011-ലെ G.O. (Rt) No.1768/2011/G. Edn. പ്രകാരം State Board Examination-ന് തുല്യമാക്കിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരമുള്ള സർട്ടിഫിക്കറ്റ് നേടിയവർക്കും ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. (ഉത്തരവ് നമ്പർ. സി1/17190/10, തീയതി: 30.07.12)

(എഫ്) പ്രൈവറ്റായി എസ്.എസ്.എൽ.സി എഴുതി തോറ്റവർക്ക് ഐ.ടി.ഐ-യിൽ പ്രവേശനത്തിന് അർഹതയില്ല .

## 3. പ്രായം

01.08.2023-ൽ 14 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. എന്നാൽ ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) ട്രേഡിലേക്ക് അപേക്ഷിക്കുന്നതിന് 18 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. ഉയർന്ന പ്രായ പരിധിയില്ല.

## 4. പ്രവർത്തന സമയം

എല്ലാ ഐ.ടി.ഐ-കളും തിങ്കൾ മുതൽ ശനിവരെ രാവിലെ **7.50 am** മുതൽ **3 pm** വരെയും, **10 am** മുതൽ **5.10 pm** വരെയും ഉള്ള രണ്ടു ഷിഫ്റ്റുകളിലായിട്ടാണ് പ്രവർത്തിക്കുന്നത് (സ.ഉ. (സാധാ.) നം. 604/2015/ തൊഴിൽ, തീയതി: 05.05.2015). ഐ.ടി.ഐ-കൾ വെക്കേഷൻ ഇല്ലാത്ത തൊഴിൽ പരിശീലന സ്ഥാപനങ്ങളാണ്.

**5. തെരഞ്ഞെടുപ്പും, പ്രവേശനവും**

ഓരോ വർഷവും ആഗസ്റ്റ് 1 മുതലാണ് പരിശീലന വർഷം ആരംഭിക്കുന്നത്. മെട്രിക്/നോൺ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിനു വേണ്ടി അപേക്ഷകൻ മെട്രിക്കുലേഷൻ പരീക്ഷയിൽ ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് (ആകെ **300** മാർക്കിന്) ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന ലഭിക്കും.

5 (എ) എസ്.എസ്.എൽ.സി-യ്ക്ക് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നതിനു ശേഷം ലഭിയ്ക്കുന്ന മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്ന രീതി ചുവടെ ചേർക്കുന്നു. **2005** വർഷത്തെ മാർക്ക് ലിസ്റ്റിൽ കണ്ടിന്യൂയിംഗ് ഇവാല്യൂവേഷൻ ഉള്ള മാർക്കും **(10)** തിയറിയ്ക്ക് ഉള്ള മാർക്കും **(50)** ഗ്രേഡിനൊപ്പം കാണിച്ചിരിക്കുന്നു. ഇത്തരം മാർക്ക് ലിസ്റ്റിന് അനുവദിക്കപ്പെടുന്ന ഇൻഡക്സ് മാർക്ക് ചുവടെ കുറിച്ചിരിക്കുന്ന തരത്തിൽ കണക്കാക്കുന്നു. ആകെ ഇംഗ്ലീഷ് -I, ഇംഗ്ലീഷ്-II, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്-I, മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, **300** മാർക്കിലേയ്ക്ക് ചുവടെ കുറിയ്ക്കുന്ന ഫോർമുല അനുസരിച്ച് മാറ്റുന്നു.

$$\frac{\text{6 വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്} \times 300}{360}$$

ഇതോടൊപ്പം അനുവദനീയമായ ഗ്രേസ് മാർക്ക് കൂടി കൂട്ടുന്നു.

5 (ബി) 2006-നു ശേഷമുള്ള എസ് .എസ്.എൽ.സി-യുടെ മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് കണക്കാക്കുന്ന രീതി ചുവടെ ചേർക്കുന്നു.

| ഗ്രേഡ് | മാർക്ക് | ഇൻഡക്സ് മാർക്ക് | ഗ്രേഡ് | മാർക്ക് | ഇൻഡക്സ് മാർക്ക് |
|---|---|---|---|---|---|
| A+ | 90-ന് മുകളിൽ | 95 മാർക്ക് | C | 40 മുതൽ 49 വരെ | 45 മാർക്ക് |
| A | 80 മുതൽ 89 വരെ | 85 മാർക്ക് | D+ | 30 മുതൽ 39 വരെ | 35 മാർക്ക് |
| B+ | 70 മുതൽ 79 വരെ | 75 മാർക്ക് | D | 20 മുതൽ 29 വരെ | 25 മാർക്ക് |
| B | 60 മുതൽ 69 വരെ | 65 മാർക്ക് | E | 20-ന് താഴെ | 15 മാർക്ക് |
| C+ | 50 മുതൽ 59 വരെ | 55 മാർക്ക് | | | |

ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II, ഫിസിക്സ്, കെമസ്ട്രി, മാത്തമാറ്റിക്സ്-I, മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കും (300-ൽ) അർഹതപ്പെട്ട ഗ്രേസ് മാർക്കും അനുവദിയ്ക്കുന്നു.

5(സി) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കീമിൽ വിജയിച്ചവർക്ക്/ പരാജയപ്പെട്ടവർക്ക് ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങൾക്ക് ലഭിച്ച ആകെ മാർക്കിന്റെ (300-ൽ) അടിസ്ഥാനത്തിലാണ് മുൻഗണന ലഭിക്കുന്നത്. ഗ്രേഡിംഗ് സമ്പ്രദായത്തിലുള്ള CBSE/ICSE പരീക്ഷ വിജയിച്ചവരുടെ/പരാജയപ്പെട്ടവരുടെ മാർക്കുകൾ അതാത് വെബ് സൈറ്റുകൾ പരിശോധിച്ച് കണക്കാക്കേണ്ടതാണ്.

5(ഡി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് നൽകുന്ന സർട്ടിഫിക്കറ്റ് നേടിയവർക്ക് ഇംഗ്ലീഷ് (Code 202), സയൻസ് (തിയറി & പ്രാക്ടിക്കൽ) (Code 212), കണക്ക് (Code 211) എന്നീ വിഷയങ്ങൾക്ക് ഓരോന്നിനും 100 മാർക്കിൽ ലഭിച്ച മാർക്ക് എടുത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. ഇംഗ്ലീഷ് വിഷയത്തിന്റെ മാർക്ക് ലഭ്യമാണെങ്കിൽ ഇംഗ്ലീഷിന്റെ മാർക്കും ആയത് ലഭ്യമല്ലാ എങ്കിൽ പ്രാദേശിക ഭാഷകൾക്ക് ലഭിച്ച കൂടുതൽ മാർക്കും ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

5 (ഇ) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് താഴെ പറയും പ്രകാരം ഗ്രേസ് മാർക്ക് നൽകുന്നതാണ്.

| ക്രമ നം. | വിഭാഗം | അധികയോഗ്യത | ഗ്രേസ് മാർക്ക് |
|---|---|---|---|
| 1 | നോൺ മെട്രിക് ട്രേഡ് | മെട്രിക്കുലേഷൻ വിജയം | 20 |
| 2 | മെട്രിക് ട്രേഡ് | പ്രീഡിഗ്രി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ/തത്തുല്യ യോഗ്യത | 20 |
| 3 | എല്ലാ ട്രേഡുകൾക്കും | സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് | ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനുള്ള വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ 10%, കൂടി ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. |
| | | സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ രണ്ടാം സ്ഥാനം നേടിയവർക്ക് | ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനുള്ള വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ 5%, കൂടി ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ് |
| 4 | എല്ലാ ട്രേഡു കൾക്കും | എൻ.സി.സി-യിൽ പരിശീലനത്തിനുശേഷം എ/ബി/സി സർട്ടിഫിക്കറ്റ് നേടിയവർക്ക് | എ-5 മാർക്ക്<br>ബി-7 മാർക്ക്<br>സി-10 മാർക്ക് |

## 6. നേറ്റിവിറ്റി/ഡൊമിസൈയിൽ (5 വർഷം) സർട്ടിഫിക്കറ്റ്

കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് മാത്രമേ സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ പ്രവേശനമുള്ളൂ. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ജനിച്ചവരാണെങ്കിൽ കഴിഞ്ഞ 5 വർഷമായി കേരളത്തിൽ സ്ഥിര താമസക്കാരനെന്നുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അവരെയും അഡ്മിഷന് പരിഗണിക്കുന്നതാണ്.

**ബ്ലോക്കുകളുടെ പുനഃക്രമീകരണത്തിന്റെ ഫലമായി പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന ബ്ലോക്കുകളിൽ മാറ്റം വന്നിട്ടുള്ളതിനാൽ 10.05.2018-ലെ സ.ഉ (സാധാ) നം.547/2018/തൊഴിൽ നമ്പർ ഉത്തരവ് അനുസരിച്ച് താഴെ പറയുന്ന 8 ജില്ലകളിലെ 24 ബ്ലോക്കുകളിലെ അപേക്ഷകർക്ക് 10 മാർക്ക് ഗ്രേസ് മാർക്കായി ലഭിയ്ക്കുന്നതാണ്.**

| ക്രമ നം. | ബ്ലോക്ക് | ജില്ല |
|---|---|---|
| 1 | വെള്ളനാട് | തിരുവനന്തപുരം |
| 2 | പെരുങ്കടവിള | തിരുവനന്തപുരം |
| 3 | ദേവികുളം | ഇടുക്കി |
| 4 | അഴുത | ഇടുക്കി |
| 5 | നെടുംകണ്ടം | ഇടുക്കി |
| 6 | അട്ടപ്പാടി | പാലക്കാട് |
| 7 | കൊല്ലങ്കോട് | പാലക്കാട് |
| 8 | നെന്മാറ | പാലക്കാട് |
| 9 | ചിറ്റൂർ | പാലക്കാട് |
| 10 | കൽപ്പറ്റ | വയനാട് |
| 11 | സുൽത്താൻ ബത്തേരി | വയനാട് |
| 12 | മാനന്തവാടി | വയനാട് |
| 13 | പനമരം | വയനാട് |
| 14 | നിലമ്പൂർ | മലപ്പുറം |
| 15 | കാളികാവ് | മലപ്പുറം |
| 16 | അരീക്കോട് | മലപ്പുറം |
| 17 | പേരാമ്പ്ര | കോഴിക്കോട് |
| 18 | കുന്നുമ്മൽ | കോഴിക്കോട് |
| 19 | തൂണേരി | കോഴിക്കോട് |
| 20 | തളിപ്പറമ്പ് | കണ്ണൂർ |
| 21 | പേരാവൂർ | കണ്ണൂർ |
| 22 | ഇരിട്ടി | കണ്ണൂർ |
| 23 | ഇരിക്കൂർ | കണ്ണൂർ |
| 24 | കാറഡുക്ക | കാസർഗോഡ് |

മേൽ രേഖപ്പെടുത്തിയിട്ടുള്ള പിന്നോക്ക ബ്ലോക്കിലെ ട്രെയിനികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിലേക്ക് ടി ബ്ലോക്കുകളിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനു പകരമായി കെട്ടിട നികുതി രസീതും , വാടകയ്ക്ക് താമസിക്കുന്നവർക്ക് വാടക ചീട്ടും സത്യവാങ്മൂലവും നൽകേണ്ടതും മേൽ രേഖകൾ ഇല്ലാത്തവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. [സ.ഉ.(സാധാ)നം.632/2022/തൊഴിൽ, തീയതി 03.06.2022]

## 7. ആവർത്തന പ്രവേശനം

ഇതിന് മുമ്പ് എപ്പോഴെങ്കിലും വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സർക്കാർ ഐ.ടി.ഐ-യിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ് . എന്നാൽ ഐ.ടി.ഐ.കളിലെ പ്രവേശന സമയത്ത് ആദ്യമായി പ്രവേശനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന അപേക്ഷകരുടെ എണ്ണം മതിയാകാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ ആവർത്തന പ്രവേശനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കുകയുള്ളൂ. അഡ്മിഷൻ നടപടികൾ അവസാനിക്കുന്ന തീയതിയ്ക്ക് തൊട്ടുമുമ്പുള്ള തീയതി വരെയും മതിയായ പരിശീലനാർത്ഥികളെ ലഭിക്കാത്ത സാഹചര്യമാണെങ്കിൽ മാത്രം അഡ്മിഷൻ അവസാനിക്കുന്ന തീയതിയിൽ , ആവർത്തന പ്രവേശനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കാവുന്നതാണ്.

ഇപ്രകാരം ആവർത്തന പ്രവേശനം നേടുന്ന ട്രെയിനികൾക്ക് സ്റ്റൈപ്പന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല. [സ.ഉ.(സാധാ)നം.556/2018/തൊഴിൽ, തീയതി 11.05.2018]

## 8. സംവരണം

### 8 (എ) സംവരണക്രമ പ്രകാരം അനുവദിച്ചിട്ടുള്ള സീറ്റുകൾ

ട്രെയിനിംഗ് മാന്വലിലെ വ്യവസ്ഥ പ്രകാരവും , സർക്കാർ ഉത്തരവ് (എം.എസ്) നം.46/77/എൽ.ബി.ആർ, തീയതി:28.06.77 എന്ന ഉത്തരവ്വ പ്രകാരവും സ.ഉ(കൈ) നം.49/2020/തൊഴിൽ, തീയതി 05.11.2020 എന്ന ഉത്തരവ്വ പ്രകാരവും നിശ്ചിത സീറ്റുകൾ താഴെ പ്പറയുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

| ക്രമ:നം | വിഭാഗം | സംവരണം |
|---|---|---|
| 1 | പട്ടികജാതി | 8% |
| 2 | പട്ടികവർഗ്ഗം | 2% |
| 3 | ഈഴവർ | 9% |
| 4 | മുസ്ലീം | 8% |
| 5 | മറ്റ് പിന്നോക്ക ഹിന്ദുക്കൾ | 5% |
| 6 | ലത്തീൻ കത്തോലിക്കർ | 2% |
| 7 | മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ (മതപരിവർത്തനം ചെയ്ത പട്ടികജാതി, എസ്.ഐ.യു.സി നാടാർ) [സ.ഉ. (എം.എസ്) നം. 118/95/എൽ.ബി.ആർ, തീയതി: 27.11.95] | 1% |

| | | |
|---|---|---|
| 8 | ജവാൻ കാറ്റഗറി - ആകെ 15% താഴെ പറയുന്ന ക്രമ പ്രകാരം [സ.ഉ. (എം.എസ്) നം. 46/77/എൽ.ബി.ആർ, തീയതി: 28.06.77] | |
| | (എ) മരണപ്പെട്ട/അംഗഭംഗം സംഭവിച്ച, സമാധാനകാലത്ത് കൊല്ലപ്പെട്ട/ അംഗഭംഗം സംഭവിച്ച ഭടന്മാരുടെ/വിമുക്തഭടന്മാരുടെ സന്താനങ്ങൾ | |
| | (ബി) വിമുക്തഭടന്മാരുടെ സന്താനങ്ങൾ | |
| | (സി) സേവനത്തിലുള്ള ജവാന്മാരുടെ സന്താനങ്ങൾ | |
| | (ഡി) സേവനത്തിലുള്ള ആഫീസർമാരുടെ സന്താനങ്ങൾ | |
| | (ഇ) വിമുക്ത ഭടന്മാർ | |
| 9 | മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ.ഉ (കൈ) നം.49/2020/തൊഴിൽ, തീയതി 05.11.2020) (ഇതുമായി ബന്ധപ്പെട്ട് സ.ഉ (എം.എസ്) നം.2/2020/ ഉ.ഭ.പ.വ തീയതി 12.02.2020 പ്രകാരമുളള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്). | 10% |

## 8 (ബി) സംവരണക്രമത്തിനുപരിയായി അനുവദിച്ചിട്ടുളള സീറ്റുകൾ

| | | |
|---|---|---|
| (i) (a) | ബർമ്മ/ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് 01.06.1963-ലോ അതിന് ശേഷമോ പുറത്താക്കപ്പെട്ടവർ/ അവരുടെ സന്താനങ്ങൾ / ഉഗാണ്ടയിൽനിന്ന് പുറത്താക്കപ്പെട്ടവർ/ അവരുടെ സന്താനങ്ങൾ | പരമാവധി 5 സീറ്റ് (ഓരോ ഐ.ടി.ഐ യിലും) |
| b) | 2017 വർഷം ഓഖി ദുരന്തത്തിൽ മരണമടയുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾ (സ.ഉ (കൈ)നം.26/2018/തൊഴിൽ തീയതി 15.05.2018) | |
| (ii) | ഇന്ത്യൻ പ്രസിഡന്റിന്റെ ബാഡ്ജ് ലഭിച്ചിട്ടുള്ള സ്കൗട്ടുകൾ/ഗൈഡുകൾ | 1 സീറ്റ് (ഓരോ ഐ.ടി.ഐ-യിലും) |
| (iii) | അംഗീകൃത അനാഥാലയത്തിലെ അന്തേവാസികൾ | 5 സീറ്റ് (ഓരോ ഐ.ടി.ഐ-യിലും) |
| (iv) | ടെക്നിക്കൽ ഹൈസ്കൂളിൽ പഠിച്ചവർ | മെട്രിക്, നോൺ മെട്രിക് ട്രേഡുകളിലേക്ക് പരമാവധി അനുവദിച്ച സീറ്റിന്റെ 25% (പരമാവധി 15 സീറ്റ്) |
| (v) | അംഗപരിമിതർ | 4% |
| | 1:1:1:1 എന്ന അനുപാതത്തിൽ ചുവടെ ചേർത്തിരിക്കുന്ന (a), (b), (c) വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ ശതമാനം വീതവും (d)യും (e) യും വിഭാഗത്തിലുള്ളവർക്ക് ആകെ ഒരു ശതമാനവും. (സ.ഉ. (സാധാ) നം. 725/2019/തൊഴിൽ, തീയതി: 20.06.19) | |

| | | |
|---|---|---|
| | ഡി ജി റ്റി നിശ്ചയിച്ച നൽകിയിട്ടുള്ള 136 ട്രേഡുകളിലേയ്ക്കുള്ള യോഗ്യതാ പട്ടിക പ്രകാരം അംഗപരിമിതവിഭാഗങ്ങൾക്ക് അനുയോജ്യമായ ട്രേഡുകൾ തിരഞ്ഞെടുക്കാവുന്നതാണ്. (DGT യിൽ നിന്നുള്ള 02.07.2019 തീയതിയിലെ MSDE-19/02/2018-CD (pt) നമ്പർ കത്ത്.) | |
| | a. blindness and low vision | |
| | b. deaf and hard hearing | |
| | c. locomotors disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy | |
| | d. autism, intellectual disability, specific learning disability and mental illness | |
| | e. Multiple disabilities from amongst persons under items (a) to (d) including deaf-blinded in the posts identified for each disabilities. | |
| (vi) | സ്പോർട്സിൽ പ്രാവീണ്യം നേടിയിട്ടുള്ളവർ (ഈ വിഭാഗത്തെ സ്പോർട്സ് കൗൺസിൽ നോമിനേറ്റ് ചെയ്യുന്നതാണ്) [സ.ഉ. (എം.എസ്) നം. 46/77/എൽ.ബി.ആർ, തീയതി: 28.06.77] | 5 സീറ്റ് |
| **(സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിശ്ചിത തീയതിക്കകം ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റൗട്ടിന്റെ 2 പകർപ്പുകൾ എടുത്ത് ബന്ധപ്പെട്ട രേഖകളുമായി സ്പോർട്സ് കൗൺസിലിൽ ഹാജരാക്കേണ്ടതാണ്. അതാത് ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും ലഭിക്കുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ ക്വാട്ടയിൽ പ്രവേശനം നൽകുകയുള്ളൂ).** | | |
| **100% റോസ്റ്റർ സാധ്യമല്ലാത്ത ഐ.ടി.ഐ-കളിൽ (അതായത് ആകെ സീറ്റ് 100-ൽ താഴെ മാത്രമുള്ള ഐ.ടി.ഐ-കളിൽ**) അനാഥാലയത്തിലെ അന്തേവാസികൾ, ടെക്നിക്കൽ ഹൈസ്കൂളിൽ പഠിച്ചവർ, വികലാംഗർ, സ്പോർട്സ് പ്രാവീണ്യം നേടിയവർ എന്നീ വിഭാഗങ്ങളിൽ ഉള്ളവർക്ക് **ഓരോ സീറ്റ് മാത്രം** സംവരണം ചെയ്തിരിക്കുന്നു. | | |
| (vii) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജുവനൈൽ ജസ്റ്റിസ് ഹോമിലേയും, ആഫ്റ്റർ കെയർ ഹോമിലേയും യോഗ്യരായ അന്തേവാസികൾക്ക് സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ പ്രവേശനത്തിന് ഓരോ ട്രേഡിലും 2 സീറ്റ് സംവരണം ചെയ്തിരിക്കുന്നു. (സ.ഉ. (സാധാ.) നം. 1519/2009/തൊഴിൽ, തീയതി: 29.09.2009) | |
| (viii) | ആംഗ്ലോ ഇന്ത്യൻ<br>(സ.ഉ (എം.എസ്) നം. 118/95/തൊഴിൽ, തീയതി: 27.11.1995) | ഒരു സീറ്റ് (ഓരോ ഐ.ടി.ഐ.യിലും) |
| (ix) | ലക്ഷദ്വീപ്, മിനിക്കോയി, ആന്റമാൻ ദ്വീപ് വാസികൾക്ക് | കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ഐ.ടി.ഐകളിൽ 5 സീറ്റു വീതം |

| | | |
|---|---|---|
| (x) | മാഹി നിവാസികൾക്ക് | കണ്ണൂർ ഐ.ടി.ഐയിൽ 5 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. |
| (xi) | ഓരോ ഐ.ടി.ഐ-യിലേയും എല്ലാ ട്രേഡുകളിലേയും **30%** സീറ്റ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. (ഡി.ജി.ഇ.റ്റി-19(27)/2007-സി.ഡി, തീയതി: 02.06.08) ഇതിൽ മുകളിൽ ചേർത്തിട്ടുള്ള സംവരണ വിഭാഗങ്ങളിൽപ്പെടുന്നവരും ഉൾപ്പെടുന്നതാണ്. പെൺകുട്ടികളിൽ നിന്നും മതിയായ എണ്ണം അപേക്ഷകരില്ലാത്തപക്ഷം ആൺകുട്ടികളുടെ അപേക്ഷ പരിഗണിക്കുന്നതാണ്. | |

**8(സി):** ആര്യനാട് ഐ.ടി.ഐയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി താഴെപ്പറയും പ്രകാരം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

| ഐ.ടി.ഐയുടെ പേര് | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| നൈനാർപിള്ള മെമ്മോറിയൽ ഗവ. ഐ.ടി.ഐ ആര്യനാട് | 51% | 25% |

**8 (ഡി).** കുളത്തൂപ്പുഴ ഐടിഐയിലെ വിവിധ ട്രേഡുകളിലെ അഡ്മിഷനിൽ 50 % സീറ്റുകൾ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ (RPL) തൊഴിലാളികളുടെ കുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള കുട്ടികളുടെ അഭാവത്തിൽ മാത്രം പ്രസ്തുത സീറ്റുകൾ പൊതുവിഭാഗത്തിൽ നിന്നും നികത്തുന്നതാണ്.(സ.ഉ.(കൈ)നം.5/2021/തൊഴിൽ, തീയതി:21.01.2021)

## 9. ആനുകൂല്യങ്ങൾ

ഹോസ്റ്റൽ സൗകര്യമുള്ള ഐ.ടി.ഐ-കളിൽ പ്രവേശനം ലഭിച്ചവരിൽ ദൂരപരിധി കണക്കാക്കി നിശ്ചിത ശതമാനം പരിശീലനാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതാണ്.

ഓരോ ഐ.ടി.ഐ-യിലേയും sanctioned strength-ന്റെ 50% പരിശീലനാർത്ഥികൾക്ക് പ്രതിമാസം 120/- രൂപ വീതം സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. രക്ഷകർത്താവിന്റെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പന്റിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത് . പരിശീലനാർത്ഥി മാതാപിതാക്കളുടെയോ നിയമാനുസൃതമുള്ള രക്ഷകർത്താവിന്റെയോ വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളെകൊണ്ട് സാക്ഷ്യപ്പെടുത്തി, ബന്ധപ്പെട്ട പ്രിൻസിപ്പാളിന്റെ നിർദേശാനുസരണം സമർപ്പിക്കേണ്ടതാണ്. അർഹരായുള്ള പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് ബന്ധപ്പെട്ട വെൽഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റൈപ്പന്റ്

നൽകുന്നതാണ്. **<u>ഒരു ട്രെയിനിക്ക് ഒരു ട്രെയിനിംഗ് കാലയളവിൽ ഒരു ഇനം സ്റ്റൈപ്പന്റിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ</u>**".

ട്രെയിനികളുടെ സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ദേശസാൽകൃത ബാങ്ക് മുഖേന മാത്രമായിരിക്കും വിതരണം ചെയ്യുന്നത്. ആയതിനാൽ പ്രവേശനം ലഭിയ്ക്കുന്ന എല്ലാ പരിശീലനാർത്ഥികളും പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ബന്ധപ്പെട്ട ഐ .ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാണ്.

## <u>10. നിർബന്ധിത ഹാജർ ശതമാനം</u>

(എ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് പരിശീലനാർത്ഥിയ്ക്ക് ഏറ്റവും കുറഞ്ഞത് 80% ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം.

(ബി) പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ **10** പരിശീലന ദിവസങ്ങൾ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ നിർബന്ധമായും പരിശീലന പദ്ധതിയിൽ നിന്നും പുറത്താക്കുന്നതും ഹാജരാകാതിരുന്ന ആദ്യ ദിവസത്തെ തീയതി മുതൽ മുൻകാല പ്രാബല്യത്തോടു കൂടി അവരുടെ പേര് രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നതുമാണ്.

(സി) പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവൃത്തി ദിവസങ്ങളിൽ പരിശീലനത്തിന് ഹാജരാകാതിരുന്നാൽ, അതായത് ഹാജർ 50 ശതമാനത്തിൽ കുറവായാൽ അവരെ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതാണ് . അങ്ങനെ പിരിച്ചു വിടപ്പെട്ട പരിശീലനാർത്ഥിയ്ക്ക് പുനഃപ്രവേശനം സാധ്യമല്ല.

## <u>11. സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ്</u>

എസ്.സി.വി.റ്റി കോഴ്സുകൾ, സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന കോഴ്സുകൾ ആണ്. സർക്കാർ ഐ.ടി.ഐ-കളിലെ എസ്.സി.വി.റ്റി ട്രേഡുകളിൽ/യൂണിറ്റുകളിൽ 80% ത്തിൽ കുറയാതെ നിർബന്ധിത ഹാജരോടു കൂടി പരിശീലനം പൂർത്തിയാക്കിയവർക്ക് , എസ്.സി.വി.റ്റി നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ് . ടി പരീക്ഷ വിജയിക്കുന്നവർക്ക് എസ്.സി.വി.റ്റിയുടെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## <u>12. ഫീസ്</u>

പ്രവേശന സമയത്ത് ഓരോ പരിശീലനാർത്ഥിയും താഴെ പറയുന്ന ഇനത്തിലുള്ള തുകകൾ അടയ്ക്കേണ്ടതാണ്. [സ.ഉ (അച്ചടി) നം.28/2018/ധന തീയതി 08.03.2019, ട്രെയിനിംഗ് ഡയറക്ടറുടെ 27.03.2019 -ലെ ബി1/9281/18 നമ്പർ ഉത്തരവ്].

| <u>ഇനം</u> | <u>രണ്ട് വർഷ കോഴ്സിന്</u> | <u>ആറു മാസം /ഒരു വർഷ കോഴ്സിന്</u> |
|---|---|---|
| 1. കോഷൻ ഡെപ്പോസിറ്റ് | 110 രൂപ | 110 രൂപ |

| | | |
|---|---|---|
| 2. ജാമ്യ നിക്ഷേപം | 170 രൂപ | 110 രൂപ |
| 3. മെയിന്റനൻസ് ഫീസ് | 550 രൂപ | 440 രൂപ |
| 4. സ്പോർട്സ് ഫീസ് | 110 രൂപ | 60 രൂപ |
| 5. മാഗസീൻ ഫീസ് | 110 രൂപ | 60 രൂപ |
| 6. കൗൺസിൽ ഫീസ് | 110 രൂപ | 60 രൂപ |
| 7. അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് | 110 രൂപ | 110 രൂപ |
| **ആകെ** | **1270 രൂപ** | **950 രൂപ** |

ഇതിനു പുറമെ കേന്ദ്ര/സംസ്ഥാന സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും അടയ്ക്കാൻ പരിശീലനാർത്ഥികൾ ബാദ്ധ്യസ്ഥരാണ്.

പരിശീലന സമയത്ത് സ്ഥാപനത്തിലെ പഠനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലനാർത്ഥിയുടെ കോഷൻ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡെപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡെപ്പോസിറ്റ് അടയ്ക്കുവാൻ പരിശീലനാർത്ഥി ബാദ്ധ്യസ്ഥനാണ്. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കും, പ്രവേശനം ലഭിച്ച് ഒരുമാസത്തിനകം പിരിഞ്ഞു പോകുന്നവർക്കും കോഷൻ ഡെപ്പോസിറ്റ്, ജാമ്യനിക്ഷേപം എന്നിവയിൽ നിന്നും സർക്കാരിന് നൽകേണ്ടതായി ഏതെങ്കിലും ബാദ്ധ്യത തുകയുണ്ടെങ്കിൽ അതുകിഴിച്ച് ബാക്കി തുക തിരികെനൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കി മൂന്ന് വർഷത്തിനകം തിരികെ വാങ്ങാത്ത തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്.

**എസ്.സി/എസ്.റ്റി/ഒ.ഇ.സിവിഭാഗം പരിശീലനാർത്ഥികൾ മെയിന്റനൻസ് ഫീസ് അടയ്ക്കേണ്ടതില്ല.**

## 13. അപേക്ഷ സമർപ്പിക്കേണ്ട രീതി

കേരളത്തിലെ എല്ലാ സർക്കാർ ഐ .ടി.ഐകളിലും പ്രവേശനത്തിന് അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലാണ് സ്വീകരിക്കുന്നത്. https://itiadmissions.kerala.gov.in എന്ന പോർട്ടൽ വഴിയും https://det.kerala.gov.in എന്ന വെബ്സൈറ്റിൽ ഉള്ള ലിങ്ക് മുഖേനയുംഅപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പ് വെബ്സൈറ്റിലും (https://det.kerala.gov.in) ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട പോർട്ടലിലും (https://itiadmissions.kerala.gov.in) ലഭ്യമാണ്. ഈ പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ നിബന്ധനകളും ഓൺലൈൻ മുഖാന്തിരം സമർപ്പിക്കുന്ന

അപേക്ഷകൾക്ക് ബാധകമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്
**ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ രജിസ്ട്രേഷൻ നമ്പർ, യൂസർ ഐ.ഡി, പാസ്‌വേർഡ് എന്നിവ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് SMS ആയി ലഭിക്കും. സമർപ്പിച്ച അപേക്ഷകളുടെ അസ്സൽ പ്രമാണ പരിശോധന തൊട്ടടുത്ത സർക്കാർ ഐ ടി ഐ യിൽ പൂർത്തിയാകുന്നതുവരെ ഈ വിവരങ്ങൾ ഉപയോഗിച്ച് അപേക്ഷകന് ലോഗിൻ ചെയ്യാവുന്നതും ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതുമാണ്.**

<u>**അപേക്ഷാ ഫീസ്**</u>

**അപേക്ഷാഫീസ് ഓൺലൈൻ ആയിട്ടാണ് സ്വീകരിക്കുന്നത്. ഇതിനായി നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, യു.പി.ഐ എന്നിവ ഉപയോഗിക്കാം. ഒരു അപേക്ഷകന് സംസ്ഥാനത്തെവിടെയുമുള്ള സർക്കാർ ഐ.ടി.ഐകളിലെ ഏത് സ്കീമിലേക്കും അപേക്ഷിക്കുന്നതിനുള്ള അപേക്ഷാ ഫീസ് 100/- രൂപയാണ്. (സ.ഉ.(സാധാ)നം. 501/2019/തൊഴിൽ തീയതി, 02.05.2019) തുക ഒടുക്കുമ്പോൾ മാത്രമാണ് അപേക്ഷാ സമർപ്പണം പൂർത്തിയാകുന്നത്. ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു അപേക്ഷ മാത്രമേ സമർപ്പിക്കുവാൻ കഴിയൂ. അപേക്ഷയുടെ പ്രിന്റൗട്ട് ഐ.ടി.ഐ കളിൽ ഹാജരാക്കേണ്ടതില്ല.**

**അഡ്മിഷന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അതാത് ഐ ടി ഐ കളിലും, ജാലകം അഡ്മിഷൻ പോർട്ടലിലും പ്രസിദ്ധീകരിക്കുന്നതാണ് കൂടാതെ മൊബൈൽ ഫോൺ മുഖേന എസ്.എം.എസ് സന്ദേശവും ലഭിക്കും. അഡ്മിഷന് അർഹരായവർ നിശ്ചിത തീയതിക്കുള്ളിൽ അതാത് ഐടിഐകളിൽ ഫീസൊടുക്കി അഡ്മിഷൻ ഉറപ്പ വരുത്തേണ്ടതാണ്. വിവിധ ഘട്ടങ്ങളിലായി അതാത് ഐ.ടി.ഐ കളിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുമാണ്. <u>ടി തീയതികൾ</u> ഫോൺ സന്ദേശം (എസ്.എം.എസ്) മുഖേനയും, ഓരോ ഐ.ടി.ഐ യിലേയും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അറിയിക്കുന്നതും ബന്ധപ്പെട്ട ഐ.ടി.ഐ കളിൽ ടി വിവരം പ്രസിദ്ധീകരിക്കുന്നതുമാണ്.**

<u>**16. നിബന്ധനകൾ**</u>

(എ) തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും തികച്ചും അച്ചടക്കം പാലിക്കേണ്ടതും പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ് . പരിശീലനം പൂർത്തിയാക്കുന്നതിന് മുമ്പ് പിരിഞ്ഞു പോകാൻ പാടില്ലാത്തതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ബാധ്യസ്ഥരുമാണ്. അച്ചടക്കലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി

ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതിനും ഉപകരണങ്ങൾക്ക് നഷ്ടം വരുത്തിയാൽ ആയതിന്റെ വില ഈടാക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

(ബി) പ്രവേശനം നേടുന്ന ട്രെയിനികൾക്ക് യൂണിഫോം, വർക്കിംഗ് ഡ്രസ്സ് എന്നിവ നിർബന്ധമാണ്. (യൂണിഫോമിൽ നിബന്ധനകൾക്ക് വിരുദ്ധമായ മാറ്റങ്ങൾ അനുവദനീയമല്ല.)

<u>17. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ</u>

**1. പ്രവേശന-പ്രോസ്പെക്ടസ്, ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം മാത്രം അപേക്ഷ പൂരിപ്പിച്ചു സമർപ്പിക്കേണ്ടതാണ്.**

2. അപേക്ഷിക്കുവാനായി പോർട്ടലിൽ രജിസ്റ്റർ ചെയ്യുമ്പോൾ നൽകുന്ന മൊബൈൽ നമ്പരും ഇ-മെയിൽ വിലാസവും അവരവരുടേത് തന്നെയാണെന്നും പ്രവർത്തനക്ഷമമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്. മൊബൈലിൽ SMS മുഖേനെ ലഭിച്ചിരിക്കുന്ന യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പാസ് വേർഡ് അപേക്ഷകന് തിരുത്താവുന്നതാണ്.

**3. അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനോടൊപ്പം സമീപത്തെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സർക്കാർ ഐടിഐയിൽ എത്തിച്ചേർന്നു സർട്ടിഫിക്കറ്റുകൾ/വെരിഫൈ ചെയ്യേണ്ടതാണ്. <u>വെരിഫിക്കേഷൻ നടപടികൾ 22.06.2023 മുതൽ മാത്രമേ ആരംഭിക്കുകയുള്ളൂ</u>, ആയതിനാൽ ടി തീയതി മുതൽ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള ഡോക്യുമെന്റുകളുടെ അസ്സൽ, ഗ്രേസ് മാർക്കിനായി സാധൂകരിക്കുന്ന ഡോക്യുമെന്റുകൾ, തിരിച്ചറിയൽ രേഖയുടെ അസ്സൽ എന്നിവയുമായി അപേക്ഷകന്റെ ഏറ്റവും അടുത്തുള്ള സർക്കാർ ഐടിഐയിൽ (വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള) ഹാജരായി അപേക്ഷ/ അസ്സൽ പ്രമാണ പരിശോധന (വെരിഫിക്കേഷൻ) പൂർത്തിയാക്കേണ്ടതാണ്. വെരിഫിക്കേഷൻ ചെയ്യാത്ത അപേക്ഷകൾ അഡ്മിഷനുവേണ്ടി പരിഗണിക്കാതെ റദ്ദാകുന്നതുമായിരിക്കും . ആയതിനാൽ എല്ലാ അപേക്ഷകരും നിർബന്ധമായും അപേക്ഷാ പരിശോധന പൂർത്തിയാക്കേണ്ടതാണ്.**

<u>4. പോർട്ടലിലെ ഓൺലൈൻ അപേക്ഷയിൽ മുഴുവൻ വിവരങ്ങളും നൽകി , അപേക്ഷാ ഫീസായ 100 രൂപ പേയ്മെന്റ് നടത്തിയാൽ മാത്രമേ അപേക്ഷയുടെ പ്രാഥമിക പ്രിന്റ് ഔട്ട് എടുക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനുശേഷം അപേക്ഷയുടെ അസ്സൽ പ്രമാണ പരിശോധന (വെരിഫിക്കേഷൻ) നിശ്ചിത തീയതിക്കകം തൊട്ടടുത്ത വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സർക്കാർ ഐ ടി ഐ യിൽ അപേക്ഷകനോ</u>

രക്ഷാകർത്താവോ നേരിട്ടെത്തി പരിശോധന പൂർത്തിയാക്കിയാൽ മാത്രമേ അപേക്ഷകനെ ഐ ടി ഐ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. വെരിഫിക്കേഷൻ പൂർത്തിയായതിന് ശേഷമുള്ള അപേക്ഷയുടെ ഫൈനൽ പ്രിന്റ് ഔട്ട് (ഹാർഡ് കോപ്പി) കൈവശം സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

5. ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തുന്ന യോഗ്യതകൾ /അധികയോഗ്യതകൾ, സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും അവ തൊട്ടടുത്ത വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സർക്കാർ ഐ ടി ഐ യിൽ അസ്സൽ പ്രമാണ പരിശോധനക്കായി (വെരിഫിക്കേഷനായി) ഹാജരാക്കേണ്ടതുമാണ്. അസ്സൽ സർട്ടിഫിക്കറ്റുകളും മുമ്പ് പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള ടി .സി യും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ആവശ്യപ്പെടുന്ന സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതുമാണ് . പ്രവേശനസമയത്ത് / അസ്സൽ പ്രമാണ പരിശോധന സമയത്ത് ഹാജരാക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രവേശന നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഓൺലൈൻ അപേക്ഷയിൽ അസ്സൽ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് /അപ് ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്ത് ഹാജരാക്കാൻ സാധിക്കാത്ത അപേക്ഷകന്റെ അഡ്മിഷൻ റദ്ദാകുന്നതാണ് . കൂടാതെ ടിയാന്റെ അപേക്ഷ ഫീസ് തിരികെ ലഭിക്കുന്നതല്ല.

6. അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്ന സമയത്ത് ഐടിഐകൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കേണ്ട ആവശ്യമില്ല . തെരഞ്ഞെടുക്കുന്ന എല്ലാ ഐടിഐകളിലേക്കും അപേക്ഷ പരിഗണിക്കുന്നതായിരിക്കും . എന്നാൽ തെരെഞ്ഞെടുത്ത ഐടിഐകളിലെ ട്രേഡുകൾ അപേക്ഷകരുടെ താല്പര്യ പ്രകാരം മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയിൽ അപേക്ഷകന് ഓരോ ഐ.ടി.ഐയിലേയും ട്രേഡുകൾ മുൻഗണനാക്രമത്തിൽ ക്രമീകരിയ്ക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത് . ഇതിനായി അഡ്മിഷൻ പോർട്ടലിൽ ലഭ്യമായ "Move Trade Up", "Move Trade Down" എന്നീ ബട്ടണുകൾ ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ ട്രേഡുകളുടെ മുൻഗണനാക്രമം വളരെ ആലോചിച്ചും, പ്രോസ്പെക്ടസ് ശ്രദ്ധാപൂർവ്വം വായിച്ചും, ശ്രദ്ധിച്ചും, പ്രവേശനം നേടുവാൻ ആഗ്രഹിക്കുന്ന ഐ ടി ഐ കളിലെ വിവിധ ട്രേഡുകൾ ഓൺലൈൻ അപേക്ഷയിൽ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകന്റെ/അപേക്ഷകയുടെ ഇൻഡക്സ് മാർക്കിന്റേയും, സംവരണമാനദണ്ഡങ്ങളുടേയും, മുൻഗണനാക്രമത്തിൽ നൽകിയ ട്രേഡുകളിൽ ലഭ്യമായ ഒഴിവുകളുടേയും, അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിൽ ലഭ്യമാകുന്ന ട്രേഡ് അപേക്ഷകന്/അപേക്ഷകയ്ക്ക് അനുവദിക്കുന്നതാണ്.

7. അപേക്ഷ സമർപ്പിച്ചതിന് ശേഷം , തൊട്ടടുത്ത സർക്കാർ ഐ .ടി.ഐ യിൽ (വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള) അപേക്ഷയുടെ അസ്സൽ പ്രമാണ പരിശോധന (വെരിഫിക്കേഷൻ) പൂർത്തിയാക്കുന്നതു വരെ , അപേക്ഷയിലെ ട്രേഡ് ചോയ്സ് ഉൾപ്പെടെയുള്ള വിവരങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിന് അവസരമുള്ളതിനാൽ എല്ലാ ഭേദഗതികളും സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യാവുന്നതാണ്. എല്ലാ ഭേദഗതികൾക്കും, വെരിഫിക്കേഷനും ശേഷമുള്ള അപേക്ഷയുടെ ഫൈനൽ പ്രിന്റ് ഔട്ട് (ഹാർഡ് കോപ്പി) കൈവശം സൂക്ഷിക്കുന്നത് ഉചിതമായിരിക്കും. ആയത് അഡ്മിഷൻ തുടർനടപടികൾക്ക് സഹായകരമാകും. വെരിഫിക്കേഷൻ പൂർത്തിയായി കഴിഞ്ഞതിനു ശേഷം അപേക്ഷകളിൽ തിരുത്തലുകൾ സാധ്യമാകുന്നതല്ല.

8. പ്രവേശന നടപടികളുടെ ഭാഗമായി ഉള്ള നിർദേശങ്ങൾ അടങ്ങിയ എസ്സ്.എം.എസ്സ് സന്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ ആയിരിക്കും അയയ്ക്കുന്നത്. എസ്സ്.എം.എസ്സ് ബ്ലോക്ക് ചെയ്തിട്ടുള്ള നമ്പറുകളാണെങ്കിൽ ആയത് ബന്ധപ്പെട്ട സർവീസ് പ്രൊവൈഡർമാരെ സമീപിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

9. **2023 പരിശീലന വർഷത്തെ ഐ ടി ഐ അഡ്മിഷനായി അപേക്ഷ സമർപ്പിക്കുന്നതിനും തുടർന്നുള്ള അസ്സൽ പ്രമാണ പരിശോധനക്കുമുള്ള ഹെല്പ് ഡെസ്ക് സംവിധാനം എല്ലാ സർക്കാർ ഐ ടി ഐ കളിലും (വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള) ലഭ്യമാണ്. അപേക്ഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി ഈ സൗകര്യവും ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ പോർട്ടൽ സംബന്ധമായ സാങ്കേതിക സഹായങ്ങൾക്കായി ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ** "Help Desk" **എന്ന മെനുവിൽ ജില്ലാ തല അഡ്മിഷൻ കോർഡിനേറ്റർമാരുടെ ഡീറ്റെയിൽസ് ലഭ്യമാണ് . അസ്സൽ പ്രമാണ പരിശോധന, പ്രവേശനം, ട്രേഡുകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സംശയ നിവാരണങ്ങൾക്കും സഹായങ്ങൾക്കും ഓൺലൈൻ പോർട്ടലിൽ ലഭ്യമായ** "About" **എന്ന മെനുവിൽ** "Goverment ITI" **എന്ന ഓപ്ഷൻ തെരഞ്ഞെടുത്ത് ബന്ധപ്പെട്ട ഐ ടി ഐ ക്ലിക്ക് ചെയ്ത് അതിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഫോൺ നമ്പർ , ഇമെയിൽ എന്നിവ ഇതിലേക്കായി പ്രയോജനപ്പെടുത്താവുന്നതാണ് .**

10. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശന സമയത്ത് അവസാനം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള റ്റി .സി. നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

11. നിശ്ചിത പ്രായപരിധി കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷ ജയിച്ച പോളിയോ ഹോമിലെ അപേക്ഷകരെ പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

12. ഓരോ ഐ.ടി.ഐ-യിലും പ്രവേശനം നൽകുന്ന ട്രേഡുകൾ /യൂണിറ്റുകൾ, അഫിലിയേഷൻ എന്നിവ സംബന്ധിച്ച പൂർണ്ണ വിവരം അതാത് പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാവുന്നതാണ്. വകുപ്പ് വെബ് സൈറ്റിലും (https://det.kerala.gov.in), ജാലകം അഡ്മിഷൻ പോർട്ടലിലും (https://itiadmissions.kerala.gov.in) കൂടാതെ www.ncvtmis.gov.in എന്ന വെബ് സൈറ്റിലും എൻ .സി.വി.ടി അഫിലിയേഷനുള്ള ട്രേഡ് /യൂണിറ്റുകളുടെ വിവരങ്ങൾ ലഭ്യമാണ്.

13. ഒരേ ദിവസം ഒന്നിൽക്കൂടുതൽ ഐ.ടി.ഐ കളിൽ പ്രവേശനത്തിന് അർഹത നേടുന്ന പക്ഷം അതിൽ നിന്നും അഡ്മിഷൻ ആഗ്രഹിയ്ക്കുന്ന ഒരു ഐ .ടി.ഐ മാത്രം തെരഞ്ഞെടുത്ത് അപേക്ഷകൻ ഫീസ് ഒടുക്കേണ്ടതാണ്. മറ്റ് ഐ.ടി.ഐ കളിലെ പ്രവേശനാവകാശം സ്വാഭാവികമായും റദ്ദാകുന്നതാണ്. തുടർന്ന് മറ്റേതെങ്കിലും ഐ.ടി.ഐ യിൽ പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെട്ടാൽ ആദ്യത്തെ ഐ.ടി.ഐ യിൽ നിന്നും ട്രാൻസ്ഫർ റിക്വസ്റ്റ് നൽകി, നിശ്ചിത തീയതിയ്ക്കുള്ളിൽ പുതിയ ഐ.ടി.ഐ യിൽ പ്രവേശനം നേടാവുന്നതാണ്.

**14. പ്രവേശനം നേടുന്ന അപേക്ഷകരുടെ വിവിധ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ സമയബന്ധിതമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡി.ജി.റ്റിയിൽ നിന്നുള്ള ഏറ്റവും പുതിയ നിർദേശമനുസരിച്ച് ഒരോ പരിശീലനാർത്ഥിക്കും വെവ്വേറെ ഇമെയിൽ , മൊബൈൽ നമ്പർ, ആധാർ നമ്പർ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. പ്രവേശനസമയത്ത് നൽകുന്ന ഇമെയിൽ, മൊബൈൽ നമ്പർ എന്നിവ സർട്ടിഫിക്കറ്റ് ലഭിക്കുന്നത് വരെയും മാറ്റാൻ കഴിയില്ല. ആയതിനാൽ എല്ലാ അപേക്ഷകരും അഡ്മിഷന് ഹാജരാകുന്ന അവസരത്തിൽ അവരവരുടെ ആധാർ നമ്പർ , മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ നിർബന്ധമായും നൽകേണ്ടതും മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ കോഴ്സ് കാലാവധി അവസാനിച്ച് സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ പ്രവർത്തനസജ്ജമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്..**

ഒപ്പ് /-
ട്രെയിനിംഗ് ഡയറക്ടർ

തീയതി : 16.06.2023

അംഗീകാരത്തോടെ

അഡീഷണൽ ഡയറക്ടർ

**അനുബന്ധം – 1 (SCVT/01/2023)**

**ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ-കളിൽ 2023 സെഷനിൽ പ്രവേശനം നടത്തുന്ന എസ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളുടെ വിവരം**

| ക്രമ നം. | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| | **എ. നോൺ മെട്രിക് ട്രേഡുകൾ (എഞ്ചിനീയറിംഗ്)** | | |
| 1 | അപ്ഹോൾസ്റ്ററർ | 1 വർഷം | എസ്.എസ്.എൽ.സി/ തത്തുല്യ യോഗ്യത തോറ്റവർക്കും, ജയിച്ചവർക്കും/ 10 +2 സിസ്റ്റത്തിൽ പത്ത് തോറ്റവർക്കും, ജയിച്ചവർക്കും |
| 2 | പ്ലംബർ | ,, | ,, |
| | **ബി. നോൺ മെട്രിക് ട്രേഡ് (നോൺ എഞ്ചിനീയറിംഗ്)** | | |
| 1 | ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 6 മാസം | എസ്.എസ്.എൽ.സി/ തത്തുല്യ യോഗ്യത തോറ്റവർക്കും, ജയിച്ചവർക്കും/ 10 +2 സിസ്റ്റത്തിൽ പത്ത് തോറ്റവർക്കും, ജയിച്ചവർക്കും |
| | **സി. മെട്രിക് ട്രേഡുകൾ (എഞ്ചിനീയറിംഗ്)** | | |
| 1 | മെക്കാനിക്ക് ഡീസൽ | 1 വർഷം | സയൻസും കണക്കും ഉൾപ്പെടുന്ന എസ്.എസ്.എൽ.സി/ തത്തുല്യ യോഗ്യത ജയിച്ചവർക്കും/10 +2 സിസ്റ്റത്തിൽ പത്ത് ജയിച്ചവർക്കും |
| 2 | ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ | ,, | ,, |
| 3 | മെക്കാനിക്ക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | ,, | ,, |
| 4 | ഇലക്ട്രീഷ്യൻ | 2 വർഷം | ,, |
| 6 | റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് ടെക്നീഷ്യൻ (പഴയ പേര് മെക്കാനിക് റഫ്രിജറേഷൻ & എയർകണ്ടീഷണർ) | ,, | ,, |
| 7 | ഫിറ്റർ | ,, | ,, |
| 8 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | ,, | ,, |
| | **ഡി. മെട്രിക് ട്രേഡ് (നോൺ എഞ്ചിനീയറിംഗ്)** | | |
| 1 | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 1 വർഷം | 10-ാം ക്ലാസ് വിജയിച്ചവർക്കും, തത്തുല്യ യോഗ്യത ഉള്ളവർക്കും |

ട്രേഡ്, പരിശീലനകാലയളവ്, പ്രവേശന യോഗ്യത എന്നിവയ്ക്ക് ഡി.ജി.റ്റി പുറപ്പെടുവിക്കുന്ന നിബന്ധനകൾക്ക് വിധേയമായി മാറ്റം വരാവുന്നതാണ്.

ഒപ്പ് /-
ട്രെയിനിംഗ് ഡയറക്ടർ

അംഗീകാരത്തോടെ

അഡീഷണൽ ഡയറക്ടർ

**അനുബന്ധം –2 (SCVT/01/2023)**

**സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2023 വർഷത്തിൽ പ്രവേശനം നൽകുന്ന എസ്.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകളും, യൂണിറ്റുകളും**

| ക്രമ നം. | ഐ.ടി.ഐകളുടെ പേരും, ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റുകൾ |
|---|---|---|---|
| 1 | ഗവ.ഐ.ടി.ഐ, ആര്യനാട്, തിരുവനന്തപുരം | **മെട്രിക് ട്രേഡ്** | |
| | | 1. ഇന്റീരിയർ ഡിസൈൻ & ഡെക്കറേഷൻ | 1 |
| 2 | ഗവ.ഐ.ടി.ഐ, ആറ്റിങ്ങൽ, തിരുവനന്തപുരം | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |
| 3 | ഗവ. ഐ.ടി.ഐ ചാത്തന്നൂർ, കൊല്ലം | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |
| 4 | ഗവ. ഐ.ടി.ഐ മയ്യനാട്, കൊല്ലം | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |
| 5 | ഗവ.ഐ.ടി.ഐ കുളത്തൂപ്പുഴ, കൊല്ലം | **മെട്രിക് ട്രേഡ്** | |
| | | 1. ഫിറ്റർ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. പ്ലംബർ | 2 |
| 6 | ഗവ. ഐ.ടി.ഐ കൊട്ടാരക്കര, കൊല്ലം | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. ഡ്രൈവർ കം മെക്കാനിക്ക് (എൽ.എം.വി) | 2 |
| 7 | ഗവ.ഐ.ടി.ഐ പോരുവഴി, കൊല്ലം | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഇലക്ട്രീഷ്യൻ | 1 |
| | | 2. ഫിറ്റർ | 1 |
| | | 3. മെക്കാനിക്ക് ആട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 2 |
| 8 | ഗവ.ഐ.ടി.ഐ, ഏറ്റുമാനൂർ, കോട്ടയം | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. അപ്ഹോൾസ്റ്ററർ | 1 |
| 9 | ഗവ.ഐ.ടി.ഐ, (വനിത) ചങ്ങനാശ്ശേരി | **മെട്രിക് ട്രേഡ്** | |
| | | 1. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| 10 | ഗവ.ഐ.ടി.ഐ ഏലപ്പാറ, ഇടുക്കി | **മെട്രിക് ട്രേഡ്** | |
| | | 1. റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് ടെക്നീഷ്യൻ | 1 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. പ്ലംബർ | 2 |
| 11 | ഗവ.ഐ.ടി.ഐ കരുണാപുരം, ഇടുക്കി | **മെട്രിക് ട്രേഡുകൾ** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 1 |
| | | 2. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |

| | | | |
|---|---|---|---|
| 12 | ഗവ.ഐ.ടി.ഐ, തുറവൂർ, അങ്കമാലി, എറണാകുളം | **മെട്രിക് ട്രേഡ്** | |
| | | 1. മെക്കാനിക് ഡീസൽ | 2 |
| 13 | ഗവ.ഐടിഐ, കൽപ്പറ്റ, വയനാട് | **മെട്രിക് ട്രേഡ്** | |
| | | 1. കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| | | **നോൺ മെട്രിക് ട്രേഡ്** | |
| | | 1. പ്ലംബർ | 2 |

ഒപ്പ് /-

ട്രെയിനിംഗ് ഡയറക്ടർ

അംഗീകാരത്തോടെ

അഡീഷണൽ ഡയറക്ടർ